90 (592) ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുക

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എം. മുരളി :

ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ ജനകീയാസൂത്രണ പദ്ധതികൾക്ക് അനുവദിച്ച തുക എത്രയാണ്; ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് ഇവയ്ക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയാണ്;

(ബി) ഇവയിൽ ഓരോന്നും 1999 മാർച്ച് 31 വരെ ചെലവാക്കിയ തുക എത്രയാണ്;

(സി) ചെലവു ചെയ്യാനുള്ള കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ എന്നുവരെയാണ് നീട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99-ൽ ജനകീയാസൂത്രണ പദ്ധതിക്കായി 950 കോടി രൂപ അനുവദിച്ചു:

ഗ്രാമപഞ്ചായത്തുകൾക്ക് - 549.54 കോടി രൂപ.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് - 135.02 കോടി രൂപ.

ജില്ലാ പഞ്ചായത്തുകൾക്ക് - 142.67 കോടി രൂപ

ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അനുവദിച്ച തുകയുടെ വിശദ വിവരങ്ങൾ 1998-99 ലെ സംസ്ഥാന ബഡ്ജറ്റിന്റെ അനുബന്ധം 4-ൽ അനുബന്ധം 1-ൽ 47 മുതൽ 104 വരെ പുറങ്ങളിൽ ലഭ്യമാണ്.

(ബി) 1998-99 ലെ ജനകീയാസൂത്രണ പദ്ധതിയിൽ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഓരോന്നും ചെലവഴിച്ച തുകയുടെ സമാഹൃത വിവരങ്ങൾ ലഭ്യമായിട്ടില്ല.

(സി) കാലാവധി നീട്ടിക്കൊടുത്തിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

91 (593) ജനകീയാസൂത്രണ പദ്ധതി ചെലവുകളുടെ ആഡിറ്റ്

ശ്രീ. കെ.എ. ചന്ദ്രൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതി ചെലവുകൾ ഏതു വർഷം വരെയുള്ളത് ആഡിറ്റ് ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി ചെലവുകൾ ഏതെങ്കിലും വർഷത്തേക്ക് പൂർണ്ണമായും ആഡിറ്റ് ചെയ്ത് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതു വർഷത്തേയ്ക്കാണ്;

LIBRARY ARCHIVES Kerala Legislative Assembly